**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3833** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഗെയിമുകൾ നിരോധിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ഓൺലൈൻ ഗെയിമുകളിലൂടെ ഉണ്ടാകുന്ന വൻ സാമ്പത്തിക നഷ്ടം ആളുകളെ ആത്മഹത്യയിലേക്ക് നയിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഓൺലൈൻ ഗെയിമുകളിലൂടെ ഉണ്ടാകുന്ന നഷ്ടങ്ങളെ കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ടെലഗ്രാം, വാട്സ്ആപ്പ്, ഫേസ് ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ നവമാധ്യമങ്ങൾ വഴി നിരവധി ഹ്രസ്വചിത്രങ്ങളും, പോസ്റ്ററുകളും, സൈബർ സുരക്ഷാ ടിപ്പുകളും തയ്യാറാക്കി പ്രചരിപ്പിച്ചു വരുന്നു. പ്രശസ്തരായ വ്ളോഗേഴ്സിനെ ഉൾപ്പെടുത്തി സൈബർ കുറ്റകൃത്യങ്ങൾ ആസ്പദമാക്കിയുള്ള ചിത്രങ്ങളും മറ്റും ചിത്രീകരിച്ച് അവബോധം നൽകി വരുന്നു. ഓൺലൈൻ ഗെയിമുകളെക്കുറിച്ചും മറ്റു സൈബർ കുറ്റകൃത്യങ്ങളെ കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും സൈബർ വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട് പണം നഷ്ടപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി സൈബർ ഡിവിഷന് കീഴിൽ 2538 പോലീസ് ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട അന്യസംസ്ഥാന പ്രതികളെ 14C യുടെ സഹായത്തോടെ അറസ്റ്റ് ചെയ്തു വരുന്നു. ഇത്തരം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ള മൊബൈൽ ഫോണുകളും മറ്റും തെരഞ്ഞ് കണ്ടുപിടിക്കുന്നതിനും പ്രവർത്തനരഹിതമാക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിൽ ഉള്ള (സെൻട്രൽ എക്യുപ്മെന്റ് ഐഡന്റിറ്റി രജിസ്റ്റർ) പോർട്ടൽ സംവിധാനവും ഉപയോഗിച്ചു വരുന്നു. കുട്ടികളിലെ ഓൺലൈൻ ഗെയിം അഡിക്ഷൻ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനും 'ചിരി' എന്ന ഹെൽപ്പ് ലൈൻ നമ്പർ (9497900200) പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങൾക്ക് ഓൺലൈൻ ഗെയിമുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി |

| | | | |
|---|---|---|---|
| | | | 24x7 പ്രവർത്തിക്കുന്ന നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ (NCRP) 1930 എന്ന ഹെൽപ്പ് ലൈൻ നമ്പർ പ്രവർത്തിച്ചുവരുന്നു. |
| (ബി) | ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണ കളികൾ എന്നിവ നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | 1960 – ലെ കേരള ഗെയിമിംഗ് ആക്ടിന്റെ പരിധിയിൽ ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണ കളികൾ എന്നിവ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്ന കാര്യം വിശദമായ പരിശോധനയിലാണ്. |
| (സി) | എങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | 1960 – ലെ കേരള ഗെയിമിംഗ് ആക്ടിന്റെ പരിധിയിൽ ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണ കളികൾ എന്നിവ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്ന കാര്യം വിശദമായ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ